## പ്രത്യേക പരാമർശം

ചെന്നൈയിലെ പേമാരി ദുരന്തം

മി. സ്പീക്കർ: നൂറ്റാണ്ടിലെ ഏറ്റവും ശക്തമെന്ന് വിശേഷിപ്പിക്കപ്പെട്ട പേമാരിയെത്തുടർന്ന് ചെന്നൈ നഗരം സ്തംഭിച്ചിരിക്കുകയാണ്. നമ്മുടെ തൊട്ടയൽക്കാരായ ചെന്നൈയിലെ ജനങ്ങൾ ഭയാശങ്കയിലാണ്. മഴ ഇപ്പോഴും തുടരുകയാണ്. ഇതിനകം ഇരുന്നൂറിലേറെപ്പേർക്ക് ജീവഹാനി സംഭവിച്ചു. ധാരാളം മലയാളികളും ചെന്നൈയിൽ കുടുങ്ങിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ ചെന്നൈ നഗരത്തിന്റെ ദുഃഖത്തിൽ നമുക്കും പങ്കുചേരാം. ഈ ദുരന്തത്തിൽനിന്ന് എത്രയുംവേഗം രക്ഷനേടുന്നതിന് അവർക്ക് ശക്തി പകരാനായി നമുക്കും അവരോടൊപ്പം പ്രാർത്ഥിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നലെ സഭയെ അറിയിച്ചതനുസരിച്ച് മന്ത്രിമാരെല്ലാവരുംകൂടി തീരുമാനിച്ച് ഇവിടെ കൺട്രോൾ റൂം തുറന്നു. അതുപോലെതന്നെ തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിൽ നിന്നുള്ള ഏതു വിധത്തിലുള്ള സഹായവും അവർക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. കേന്ദ്രമന്ത്രി ശ്രീ. രാജ്നാഥ് സിംഗിനെ വിളിച്ച് ആഭ്യന്തര വകുപ്പുമന്ത്രി എല്ലാ

സഹായങ്ങളും അഭ്യർത്ഥിച്ചിട്ടുണ്ട്. മിലിട്ടറിയും ദുരന്തനിവാരണ സേനയും സജീവമായിട്ടുണ്ട്. പക്ഷേ ടെലിഫോണിൽക്കൂടി വളരെ ചുരുക്കമായിട്ടുമാത്രമേ ബന്ധപ്പെടാൻ കഴിയുന്നുള്ളൂയെന്നുള്ളതാണ് നമുക്കുള്ള ഒരാശങ്ക. കിട്ടുന്ന നമ്പരുകളിലെല്ലാം ബന്ധപ്പെട്ട് അവിടെ കുടുങ്ങിയിട്ടുള്ളവർക്കും മറ്റും വേണ്ട സഹായങ്ങളെത്തിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്.